ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
( ഹാജർ: ശ്രീ.പി.കെ. അനിൽകുമാർ, ബിടെക്, എം.ബി.എ )

ഉത്തരവ് നമ്പർ ബി2/28101/2019/സി.ഇ. തീയതി. 06-03-2020

വിഷയം:- ഹാർബർ എഞ്ചിനീയറിഗ് വകുപ്പ്- ജീവനക്കാര്യം- പരപ്പനങ്ങാടി സബ് ഡിവിഷൻ രൂപീകരണം- ജീവനക്കാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ താനൂർ സബ് ഡിവിഷനിൽ നിയമിച്ച് ഉത്തരവാകുന്നു.

സൂചന :- 1 31.10.2019 തീയതിയിൽ ബി2-28101/2019/സിഇ നമ്പരായി സർക്കാരിന് സമർപ്പിച്ച കത്ത്
2 03.02.2020-ൽ ബി2-28101/2019/സിഇ നമ്പരായി സർക്കാരിന് സമർപ്പിച്ച കത്ത്
3 സർക്കാർ ഉത്തരവ് (സാധാ)നം. 138/2020/മ.ഇ.വ തീയതി.05/03/2020

കിഫ്ബിയുടെ ധനസഹായത്തോടെ പരപ്പനങ്ങാടിയിൽ ഒരു മത്സ്യബന്ധനതുറമുഖം നിർമ്മിക്കുന്നതിന് 11-2-2019-ലെ FHs 006-01/APR-3/2019/KIIFB പ്രകാരം 112.218 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബിയുടെ അനുമതിയോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള ഡീറ്റെയിൽഡ് അപ്രൈസൽ റിപ്പോർട്ട് പ്രകാരം പരപ്പനങ്ങാടി മത്സ്യബന്ധനതുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തിയുടെ മേൽനോട്ടം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർവഹിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഹാർബർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമാത്രമായി ഒരു ഓഫീസ് പരപ്പനങ്ങാടിയിൽ ആരംഭിക്കേണ്ടത് പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് അത്യാവശ്യമാണ്.

പരപ്പനങ്ങാടി ഹാർബറിന്റെ നിർമ്മാണ ചുമതല നിലവിൽ താനൂർ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് താൽക്കാലികമായി നിർവഹിക്കുന്നത്. ഹാർബർ നിർമ്മാണ പ്രവർത്തനങ്ങൾക്കായും നിർമ്മാണശേഷമുള്ള പരിപാലനത്തിനായും അധിക തസ്തിക ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അംഗീകാരത്തിന് ഇനിയും സമയം വേണ്ടിവരുമെന്നതിനാൽ അടിയന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഏതാനും ജീവനക്കാരെ മറ്റു ഓഫീസുകളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിക്കുകയും ഇതിനായി പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് പരാമർശം (2) പ്രകാരം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് മേൽ പരാമർശം(3)പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനാൽ താഴെപറയുന്ന ഉത്തരവ് അടിയന്തര പ്രാബല്യത്തോടുകൂടി പുറപ്പെടുവിക്കുന്നു.

1. ഹാർബർ എഞ്ചിനീയറിംഗ് പൊന്നാനി സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രണവ് മാലോലിനെ ജോലിക്രമീകരണവ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് താനൂർ സബ് ഡിവിഷനിൽ നിയമിക്കുന്നു.

2. ഹാർബർ എഞ്ചിനീയറിംഗ് കൊയിലാണ്ടി സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ.ജിത്തുവിനെ ജോലിക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് താനൂർ സബ് ഡിവിഷനിൽ നിയമിക്കുന്നു.



T3

3. ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖലാ കാര്യാലയത്തിലെ ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. പി.വിനയനെ ജോലിക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് താനൂർ സബ് ഡിവിഷനിൽ നിയമിക്കുന്നു.

4. ഹാർബർ എഞ്ചിനീയറിംഗ് ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷനിലെ ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. ഇമ്പിച്ചഹമ്മദിനെ ജോലിക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് താനൂർ സബ് ഡിവിഷനിൽ നിയമിക്കുന്നു

5. ഹാർബർ എഞ്ചിനീയറിംഗ് ബേപ്പൂർ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനിലെ ഒന്നാംഗ്രേഡ് ഡ്രാഫറ്റ്സ്മാൻ ശ്രീ.അനൂപ് കളരിക്കലിനെ ജോലിക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് താനൂർ സബ് ഡിവിഷനിൽ നിയമിക്കുന്നു.

6. ഹാർബർ എഞ്ചിനീയറിംഗ് ബേപ്പൂർ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനിലെ ചെയിൻമാൻ ശ്രീ. ഒ. ശശിയെ ജോലിക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് താനൂർ സബ് ഡിവിഷനിൽ നിയമിക്കുന്നു.

7. ഹാർബർ എഞ്ചിനീയറിംഗ് മലപ്പുറം ഡിവിഷനിലെ നെറ്റ് വാച്ചമാൻ ശ്രീ. ഇ. സരുണിനെ ജോലിക്രമീകരണ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് താനൂർ സബ് ഡിവിഷനിൽ നിയമിക്കുന്നു.

മേൽ ജീവനക്കാർ താനൂർ സബ് ഡിവിഷൻ ഓഫീസിനു കീഴിൽ പ്രവർത്തിയെടുക്കേണ്ടതും ജീവനക്കാർ താനൂർ ഹാർബർ എഞ്ചിനീയറിംഗ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജീവനക്കാരുടെ ശമ്പളം ഇപ്പോൾ ജോലി ചെയ്തുവരുന്ന ഓഫീസിൽ നിന്നു തന്നെ കൈപ്പറ്റേണ്ടതാണ്. ഉത്തരവ് അടിയന്തര പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്
ബന്ധപ്പെട്ട വ്യക്തികൾക്ക് ( ഓഫീസ് മേധാവി മുഖേന)

പകർപ്പ് : സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഉത്തരമേഖല, കോഴിക്കോട്,
" എക്സി.എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, കോഴിക്കോട്, മലപ്പുറം
" അസി. എക്സി. എഞ്ചിനിയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, പൊന്നാനി, താനൂർ, ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ, കൺസ്ട്രക്ഷൻ സബ് ഡിവിഷൻ, ബേപ്പൂർ, ( ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ശമ്പളം താനൂർ ഹാർബർ എഞ്ചിനീയറിംഗ് സബ്ഡിവിഷനിൽ നിന്നുള്ള ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആഫീസുകളിൽ നിന്നും നൽകേണ്ടതാണ്)
" ചീഫ് എഞ്ചിനീയറുടെ പി.എ, എ.എ., എസ്.എസ് (എസ്റ്റാ), എച്ച്.സി.
" വെബ് സൈറ്റിൽ

ഉത്തരവിൻ പ്രകാരം,

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

2

34 T3